Draft #56 of File 1089/AD.A V 5/2018/AD A V Approved by ASSISTANT REGISTRAR II (ADMIN) on 21-May-2025 03:55 PM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ തസ്തികയിൽ താൽക്കാലിക കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട ശ്രീ.എബ്രഹാം കെ സാമുവേലിന്റെ സേവനകാലാവധി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് യോഗ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 4635/AD A 5/2025/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 21.05.2025

---

*പരാമർശം:-*(1) സർവ്വകലാശാലാ ഉത്തരവ് നം. 7956/AD A5/2022/എം.ജി യു തീയതി 26.07.2022
(2) സർവ്വകലാശാലാ ഉത്തരവ് നം.9296 /AD A5/2023/എം.ജി.യു തീയതി 26.08.2023 .
(3) സർവ്വകലാശാലാ ഉത്തരവ് നം.7331 /AD A5/2024/എം.ജി.യു തീയതി 08.08.2024 .
(4) 28.03.2025 തീയതിയിൽ ശ്രീ. എബ്രഹാം കെ സാമുവേൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷയും , സ്വയം വിലയിരുത്തൽ റിപ്പോർട്ടും
(5) 08.04.2025 തീയതിയിലെ വൈസ് ചാൻസിലറുടെ ഉത്തരവ് .
(6) 13.05.2025 തീയതിയിലെ സിൻഡിക്കേറ്റ് യോഗ തീരുമാനം മിനിറ്റ്സ് ഇനം നം. 75 /25 .04/1089 /AD AV 5 /2018

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ തസ്തികയിൽ താൽക്കാലിക - കരാർ അടിസ്ഥാനത്തിൽ പ്രാഥമികമായി ഒരു വർഷത്തേയ്ക്ക് (ഓരോ വർഷാന്ത്യത്തിലും നടത്തുന്ന പ്രകടന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തുടർ വർഷങ്ങളിലെ നിയോഗം എന്ന വ്യവസ്ഥയിൽ മൂന്നു വർഷത്തേയ്ക്ക്) ₹50,000/- രൂപ സഞ്ചിത വേതന നിരക്കിൽ, ശ്രീ.എബ്രഹാം കെ സാമുവേലിനെ പരാമർശം (1) പ്രകാരം 01.06.2022 തീയതി മുതൽ നിയോഗിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം ഒരു വർഷവും അതിനെ തുടർന്ന് പരാമർശം (3) പ്രകാരം 04.06.2024 തീയതി മുതൽ അടുത്ത ഒരു വർഷത്തേയ്ക്കും കൂടി ടിയാന്റെ സേവന കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. പ്രസ്തുത താൽക്കാലിക കാലാവധി 03.06.2025 ൽ അവസാനിക്കുന്നതിനാൽ തന്റെ ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ പരിഗണിച്ച്, അടുത്ത ഒരു തവണത്തേക്കു കൂടി ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടറുടെ സേവന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനായി ശ്രീ. എബ്രഹാം കെ സാമുവേൽ , തന്റെ കാലയളവിൽ സർവ്വകലാശാല ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് പ്രോഗ്രാമിന് ഉണ്ടായ പുരോഗതി വിശദമാക്കിയ റിപ്പോർട്ട് ഉൾപ്പെട്ട ഒരു അപേക്ഷ പരാമർശം (4 ) പ്രകാരം സമർപ്പിക്കുകയുണ്ടായി .

പ്രസ്തുത അപേക്ഷ പരാമർശം (5) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കുകയും, 13.05.2025 തീയതിൽ കൂടിയ സിൻഡിക്കേറ്റ് യോഗം ടി വിഷയത്തിൽ പരാമർശം (6) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന തീരുമാനം എടുക്കുകയുമുണ്ടായി.

'മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ തസ്തികയിൽ താൽക്കാലിക - കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട ശ്രീ .എബ്രഹാം കെ സാമുവേലിന്റെ സേവന കാലാവധി 03.06.2025 മുതൽ മൂന്ന് വർഷത്തേയ്ക്ക് (ഓരോ വർഷാന്ത്യത്തിലും നടത്തുന്ന പ്രകടന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തുടർ വർഷങ്ങളിലെ നിയോഗം എന്ന വ്യവസ്ഥയിൽ മൂന്നു വർഷത്തേയ്ക്ക്) ദീർഘിപ്പിച്ചു നൽകുന്നതിന് തീരുമാനിച്ചു'.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷൈലജ ടി കെ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീ. എബ്രഹാം കെ സാമുവേൽ , ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ
2. വി.സിയുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/സി. ഇ./ എഫ്. ഒ. എന്നിവരുടെ പി. എ. മാർ
4. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
5. എ. ആർ. II/ ഡി. ആർ. II/ ജെ. ആർ. I (ഭ.വി.)
6. ഓഡിറ്റ് / ഫിനാൻസ് / എ ഡി ഡി / ജനറൽ ക്യാഷ് / ഐ.ക്യു.എ.സി/ ഡി എസ് എസ്
7. ഫിനാൻസ് I/ എസി.സി. I&II സെക്ഷൻ/പി.ആർ.ഒ.
8. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #56 of File 1089/AD.A V 5/2018/AD A V Approved by ASSISTANT REGISTRAR II (ADMIN) on 21-May-2025 03:55 PM - Page 2